# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3110.

13-03-2017 ൽ മറുപടിയ്ക്ക്

## കരീപ്ര, മൈലം പഞ്ചായത്തുകളിലെ നെൽകൃഷി നാശം

**ചോദ്യം**
ശ്രീമതി.പി. അയിഷാ പോറ്റി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വരൾച്ചയുടെ ഫലമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര, മൈലം പഞ്ചായത്തുകളിൽ ഉണ്ടായ നെൽകൃഷിയുടെ നാശം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കരീപ്ര പഞ്ചായത്തിൽ 35.18 ഹെക്ടർ നെൽകൃഷിയും മൈലം പഞ്ചായത്തിൽ 7 ഹെക്ടർ നെൽകൃഷിയും വരൾച്ച മൂലം നശിച്ചിട്ടുണ്ട് എന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്. |
| (ബി) | വരൾച്ചയുടെ ഭാഗമായി നിയോജക മണ്ഡലത്തിൽ മറ്റ് വിളകൾക്കുണ്ടായ നാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മറ്റ് വിളകൾക്കും നാശം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>വാഴ - 21.2 ഹെക്ടർ<br>പച്ചക്കറി - 10 ഹെക്ടർ<br>കിഴങ്ങ് വിള - 7 ഹെക്ടർ<br>കുരുമുളക് - 1 ഹെക്ടർ |
| (സി) | വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | വരൾച്ച മൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചുവരുന്നു. ഇതനുസരിച്ചുള്ള നഷ്ടപരിഹാരത്തുക ഉടനെ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ